# പതിമൂന്നാം കേരള നിയമസഭ

## നാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1201 20.03.2012 – ൽ മറുപടിക്ക്**

## റോഡ് വികസന പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. ജോസ് തെറ്റയിൽ :** | **ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്**<br>**(മരാമത്ത് വകുപ്പ് മന്ത്രി)** |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ആവിഷ്ക്കരിച്ച് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന റോഡ് വികസന പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കുമോ ; | (എ) കേരള റോഡ് ഫണ്ട് ബോർഡ് മുഖേന കോട്ടയം, തൃശ്ശൂർ, മലപ്പുറം, കണ്ണൂർ എന്നീ നഗരങ്ങളിൽ കൂടി നഗര റോഡു വികസന പദ്ധതികൾ നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്. കൂടാതെ തെരഞ്ഞെടുക്കപ്പെട്ട 1000 കി.മീ. റോഡ് അന്താരാഷ്ട്ര നിലവാരത്തിൽ സംസ്ഥാന റോഡ് വികസന പദ്ധതിയിൽ ഉൾപ്പെടുത്തി വികസിപ്പിക്കുന്നതാണ്. കെ. എസ്. റ്റി. പി. യിൽ രണ്ടാംഘട്ട റോഡു വികസന പദ്ധതിയും നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്. |
| (ബി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള റോഡുകൾ ഏതെല്ലാമെന്നും ഈ പദ്ധതികളുടെ നിജസ്ഥിതിയും ഇതിനായുള്ള വിഭവ സമാഹരണത്തെ സംബന്ധിച്ചും വിശദമാക്കുമോ ? | (ബി) കെ. എസ്. റ്റി. പി. രണ്ടാംഘട്ട പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുളള റോഡുകൾ : –<br><br>1) ചെങ്ങന്നൂർ – മൂവാറ്റുപുഴ റോഡ് (എം. സി. റോഡ്) – 82 കി.മീ. |

2) പുനലൂർ - പൊൻകുന്നം - തൊടുപുഴ റോഡ് - 132 കി.മീ.

3) കാസർഗോഡ് - കാഞ്ഞങ്ങാട് റോഡ് - 27.76 കി.മീ.

4) പിലാത്തറ - പാപ്പിനിശ്ശേരി റോഡ് - 20.90 കി. മീ.

5) തളിപ്പറമ്പ് - ഇരിട്ടി റോഡ് - 4.5. കി. മീ.

6) തലശ്ശേരി - വളവുപാറ റോഡ് - 43.12 കി. മീ.

7) പെരിമ്പിലാവ് - പട്ടാമ്പി - പെരിന്തൽമണ്ണ റോഡ് - 41 കി. മീ.

കൂടാതെ 1000 കി. മീ. റോഡുകളുടെ ഹെവി മെയിന്റ്നൻസും ഉൾപ്പെടുന്നു. ലോക ബാങ്ക് ധനസഹായത്തിലാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. ഇതിനുള്ള നടപടി ക്രമങ്ങൾ പൂർത്തിയായി വരുന്നു.

കേരള റോഡ് ഫണ്ട് ബോർഡിൽ സാങ്കേതിക വൈദഗ്ധ്യമുള്ള കൺസൾട്ടന്റ് നടത്തുന്ന സാധ്യതാ പഠനത്തിന്റെ അടിസ്ഥാനത്തിലാണ് സംസ്ഥാന റോഡ് വികസന പദ്ധതിയിൽ വികസിപ്പിക്കാനുദ്ദേശിക്കുന്ന റോഡുകളുടെ പട്ടിക തയ്യാറാക്കുന്നത്. പദ്ധതികളിൽ മതിപ്പ് ഉൾപ്പെടുത്തേണ്ട റോഡുകളുടെ പട്ടിക അന്തിമമായി തീരുമാനിച്ചിട്ടില്ല. 5100 കോടി രൂപയാണ്

സംസ്ഥാന റോഡു വികസന പദ്ധതിയുടെ മതിപ്പ് ചെലവ്. നഗര റോഡു വികസന പദ്ധതികളുടെ മതിപ്പ് ചെലവ് കണക്കാക്കിയിട്ടില്ല. ഏഷ്യൻ ഡവലപ്മെന്റ് ബാങ്ക് മുതലായ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും ദീർഘകാല വായ്പയെടുത്തും പൊതു സ്വകാര്യ പങ്കാളിത്തത്തോടെയും പദ്ധതി നടപ്പാക്കുന്നതിനാവശ്യമായ ഫണ്ട് സ്വരൂപിക്കുവാൻ ഉദ്ദേശിക്കുന്നു.

സെക്ഷൻ ഓഫീസർ.